**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2399** **12-02-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ വകുപ്പിലെ പൊതു സ്ഥലം മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പിൽ 2024-ലെ പൊതു സ്ഥലം മാറ്റത്തിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | 2021 മുതൽ ഒരേ ഓഫീസിൽ തന്നെ പ്രൊമോഷൻ നൽകി നിയമിച്ച ജീവനക്കാരുടെ വിവരങ്ങൾ നൽകുമോ; | (ബി) | വിവരം ശേഖരിച്ചുവരുന്നു. |
| (സി) | 2023-ലെ പൊതു സ്ഥലം മാറ്റത്തിൽ മറ്റ് ഓഫീസിലെ സീനിയർ ജീവനക്കാർ ഓപ്ഷൻ ചോദിച്ചിട്ടും സ്ഥലം മാറ്റം അനുവദിക്കാതെ ജൂനിയർ ജീവനക്കാരെ അതെ ഓഫീസിൽ തുടരാൻ അനുവദിച്ചിട്ടുണ്ടോ; വിവരങ്ങൾ നൽകുമോ; | (സി) | 2023-ലെ പൊതു സ്ഥലം മാറ്റത്തിൽ മറ്റ് ഓഫീസിലെ സീനിയർ ജീവനക്കാർ ഓപ്ഷൻ ചോദിച്ചിട്ടും സ്ഥലം മാറ്റം അനുവദിക്കാത്തത് സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഒരു ഓഫീസിലെ മൂന്ന് വർഷത്തെ സേവനം എന്നത് ഒരു തസ്തികയിലെ സേവനം മാത്രമാണോ; വ്യക്തമാക്കുമോ; | (ഡി) | ഒരു ഓഫീസിലെ മൂന്ന് വർഷത്തെ സേവനം എന്നത് നിലവിലെ തസ്തികയിൽ നിയമിതനായ ശേഷമുള്ള 3 വർഷത്തെ സേവനകാലയളവാണ്. |
| (ഇ) | ഒരു ഓഫീസിൽ മൂന്ന് വർഷം പൂർത്തിയായ മുഴുവൻ ജീവനക്കാർക്കും സ്ഥലം മാറ്റം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഇ) | ഒരു ഓഫീസിൽ മൂന്ന് വർഷം പൂർത്തിയായ മുഴുവൻ ജീവനക്കാർക്കും സ്ഥലംമാറ്റം അനുവദിക്കുന്ന രീതിയിലാണ് ഓൺലൈൻ ട്രാൻസ്ഫറിന്റെ സോഫ്റ്റ് വെയർ രൂപകല്പന ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ